# കേരള സാമൂഹ്യ സുരക്ഷാ മിഷൻ

നം: പി9/12798/18/കെ.എസ്.എസ്.എം 01/10/2021

**താൽപ്പര്യ പത്രം ക്ഷണിക്കുന്നു.**

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികളിലൊന്നായ വി കെയർ പദ്ധതിയുടെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് നടത്തുന്നതിന് അനുയോജ്യമായ ചാർട്ടേർഡ് അക്കൗണ്ടന്റുമാരിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നു. സർക്കാരിന്റെ മറ്റ് സ്കീമുകളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായ രോഗികൾക്ക് ചികിത്സാ സഹായം, സാമ്പത്തിക സഹായം, വിദ്യാഭ്യാസ ധനസഹായം, സഹായോപകരണങ്ങൾ എന്നിവ അനുവദിക്കുന്നതിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ പ്രവർത്തിച്ചു വരുന്ന പദ്ധതിയാണ് വി കെയർ. എല്ലാ വർഷവും ടി പദ്ധതിയുടെ ഓഡിറ്റ് നടത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് നടത്തുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾ പ്രകാരമുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് കമ്പനികളിൽ/ഏജൻസികളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നു.

1. സർക്കാർ ഏജൻസികളിൽ ഓഡിറ്റ് ചെയ്ത് 5 വർഷത്തെ പരിചയമുള്ള ഏജൻസികൾ/കമ്പനികളായിരിക്കണം.

2. ചുരുങ്ങിയത് 10 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. താൽപ്പര്യ പത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച് അന്തിമ അധികാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത യോഗ്യതയുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നുള്ള താൽപ്പര്യ പത്രം കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം എന്ന മേൽ വിലാസത്തിൽ 22/10/2021-നകം ലഭ്യമാക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ